"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## ആഭ്യന്തര (ഡി) വകുപ്പ്

നം.ഡി1/97/2026-ആഭ്യന്തരം തിരുവനന്തപുരം,

**31-03-2026**

**പരിപത്രം**

വിഷയം:- ആഭ്യന്തര വകുപ്പ്- സർക്കാർ സംഘടിപ്പിക്കുന്ന ഔദ്യോഗിക പൊതുപരിപാടികളിലെ ക്രമസമാധാന ചുമതലയും പങ്കെടുക്കുന്നവരുടെ സുരക്ഷാ ചുമതലയും- സംബന്ധിച്ച്.

സർക്കാർ സംഘടിപ്പിക്കുന്ന ഔദ്യോഗിക പൊതുപരിപാടികളിൽ സ്വകാര്യ ഏജൻസികളിലെ ബൗൺസർമാരെ നിയോഗിക്കുന്നത് പൊതുജന സുരക്ഷയെയും ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെയും ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെലിബ്രിറ്റികൾക്ക് സുരക്ഷ നൽകുന്നു എന്ന പേരിൽ ഇവർ കാണിക്കുന്ന അമിതാധികാരവും കടന്നുകയറ്റവും ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ സർക്കാർ സംഘടിപ്പിക്കുന്ന ഔദ്യോഗിക പൊതുപരിപാടികളിലെ ക്രമസമാധാന ചുമതലയും പങ്കെടുക്കുന്നവരുടെ സുരക്ഷാ ചുമതലയും പോലീസിന്റെ മാത്രം ഉത്തരവാദിത്തമായിരിക്കും എന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഉത്തരവിൻ പ്രകാരം

Signed by Santhosh Mon T
Date: 31-03-2026 11:11:13

സെക്ഷൻ ഓഫീസർ.

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും

സംസ്ഥാന പോലീസ് മേധാവി യ്ക്ക്

എല്ലാ വകുപ്പ് മേധാവികൾക്കും

വിവര പൊതുജന സമ്പർക്ക വകുപ്പിന്